വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. തുടർന്ന് ബോക് സൈറ്റ് കൂടി ഖനനം ചെയ്യുന്നതിനുവേണ്ടി സർക്കാർ ഉത്തരവ് നൽകുകയും ആയത് ലീസിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഇപ്രകാരം നിലവിലുള്ള ലീസിൽ പുതുതായി കണ്ടെത്തുന്ന ധാതുവിനെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമുള്ളതായി ഈ ചട്ടങ്ങളിൽ പരാമർശമില്ല. കൂടാതെ കണ്ടെത്തിയ ബോക്സൈറ്റ് പരിശോധിച്ചതിൽ അലുമിനിയം ഓക്സൈഡിന്റെ അളവ് കുറവായി കാണപ്പെടുകയും ആയതിനാൽ സിമന്റ് ഗ്രേഡ് വിഭാഗത്തിൽ വരുന്ന ബോക്സൈറ്റ് ആണ് എന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ക്വാറികൾ

181 (T*4763) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ക്വാറികളാണ് സംസ്ഥാന ഗവൺമെന്റിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

നെയ്ത് തൊഴിലാളികൾക്ക് നല്കിയ സഹായങ്ങൾ

182 (4764) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്ത് തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) എത്രയെല്ലാം പാക്കേജാണ് ഇതിനായി നടപ്പാക്കിയത് ; വിശദമാക്കുമോ ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly